# ഖുർആൻ
## ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

*റിയൽ ലൈഫ് വോയ്സ്* മാസികയിൽ
2012 ജൂൺ മാസം മുതൽ തുടർച്ചയായി
പ്രസിദ്ധീകരിച്ച ലേഖനപരമ്പരയാണിത്.

**എം.വി സെബാസ്റ്റ്യൻ**
**കൊട്ടേക്കാട്**

**REAL LIFE**
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**
**email: reallifekottekad@gmail.com**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | അവകാശവാദം ഒന്ന് | 3 |
| 2. | അവകാശവാദം രണ്ട് | 6 |
| 3. | അവകാശവാദം മൂന്ന് | 10 |
| 4. | അവകാശവാദം നാല് | 14 |





## എം. വി. സെബാസ്റ്റ്യൻ, കൊട്ടേക്കാട്


1970 മെയ് 29ന്, ഒരു കത്തോലിക്കാ കുടുംബത്തിൽ ജനനം. 1987ൽ യേശുക്രിസ്തു മൂലമുള്ള രക്ഷയെക്കുറിച്ചു മനസ്സിലാക്കി. 1988 ജൂൺ 5 ന് സ്നാനമേറ്റു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും, ബിരുദാനന്തര ബിരുദവും, എം.ഫിൽ ബിരുദവും ഉണ്ട്. കൂടാതെ, ചരിത്രത്തിലും, എജ്യുക്കേഷൻ മാനേജ്മെന്റിലും, സോഷ്യോളജിയിലും ബിരുദാനന്തര ബിരുദങ്ങളുണ്ട്. *റിയൽ ലൈഫ് വോയ്സ്* എന്ന മാസികയുടെ എഡിറ്ററാണ്.

# അവകാശവാദം 1

1

ഖുർആൻ അങ്ങേയറ്റം ശ്രേഷ്ഠമായ ഗ്രന്ഥമാണെന്നും, അതുപോലെ മറ്റൊരു ഗ്രന്ഥം ഈ ഭൂമിലോകത്ത് വേറെയില്ലെന്നുമാണ് ചിലരുടെ അവകാശവാദം. ലോകത്തുള്ള ഇന്നോളമുള്ള എല്ലാ രചനകളും, ബൈബിൾ ഉൾപ്പെടെ, ഒന്നൊന്നായി നിരത്തിവച്ച് ഏറെ നേരം പരതിയാലും, ഖുർആനിനു തുല്യമായ ഒരു രചന വേറെ കാണാനൊക്കില്ല എന്ന അവകാശവാദം യാതൊരു സങ്കോചവും കൂടാതെ ഇക്കൂട്ടർ ഉന്നയിക്കുന്നതു കാണുമ്പോൾ, കൂപമണ്ഡൂകങ്ങളുടെ കാര്യമാണ് ഓർമ്മ വരുന്നത്. കൂപമണ്ഡൂകങ്ങൾക്ക്, അതായത് കിണറ്റിലെ തവളകൾക്ക്, ഒരു അഹങ്കാരമുണ്ട് - കിണറാണ് വലുതെന്ന്; കിണറാണ് ലോകമെന്ന്; കിണറിനേക്കാൾ ആഴമുള്ളത് മറ്റൊന്നുമില്ലെന്ന്; കിണറിനപ്പുറം സുഖവും സന്തോഷവും സമാധാനവും ഇല്ലെന്ന്...!

ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ, ഒരു ദിവസം തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നുകൊണ്ട് ഞാനും കൂട്ടുസഹോദരന്മാരും സുവിശേഷം അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയായിരുന്നു. അതു വാങ്ങിയ ഒരു യുവാവ് തന്റെ ബാഗിൽനിന്നും രണ്ടു ചെറിയ പുസ്തകങ്ങൾ എനിക്കു എടുത്തുതന്നു. "വായിച്ചു നോക്കണം" എന്നു സ്നേഹത്തോടെ പറഞ്ഞു. എന്തു കിട്ടിയാലും ഞാൻ വായിക്കും. 'ഇതൊന്നും ഞാൻ വായിക്കേണ്ട കാര്യമില്ല' എന്ന ധാർഷ്ട്യമോ, 'ഞാൻ എല്ലാം പഠിച്ചുകഴിഞ്ഞു; ഇനിയൊന്നും എനിക്കു പഠിക്കാനുമില്ല, അറിയാനുമില്ല' എന്ന അഹന്തയോ എനിക്കില്ലാത്തതുകൊണ്ട്, ഞാൻ ആ പുസ്തകങ്ങൾ സൂക്ഷിച്ചു. അവ സശ്രദ്ധം വായിച്ചു.

"ഖുർആനിന്റെ പ്രാമാണികത" എന്നും, "നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?" എന്നും പേരുള്ള രണ്ടു പുസ്തകങ്ങളാണവ. രണ്ടും Niche of Truth, Vyttila, Cochin-19 പ്രസിദ്ധീകരിച്ചതാണ്. രണ്ടു പുസ്തകത്തിലും ഖുർആൻ അതുല്യമാണെന്നുള്ള അവകാശവാദങ്ങളാണ്. ഇവരുടെ അവകാശവാദങ്ങൾ പരിശോധിച്ച്, അവയുടെ വാസ്തവികത എത്രത്തോളമെന്ന് പരിശോധിക്കുകയാണ് ഈ ലേഖന പരമ്പരയുടെ ലക്ഷ്യം.

## അവകാശവാദം ഒന്ന്

### സ്വയം ദൈവിക ഗ്രന്ഥമെന്ന് അവകാശപ്പെടുന്ന ഏക ഗ്രന്ഥമാണ് ഖുർആൻ

"ഇന്ന് നിലനിൽക്കുന്ന ഗ്രന്ഥങ്ങളിൽ ഖുർആൻ മാത്രമാണ് സ്വയം ദൈവികഗ്രന്ഥമെന്നു അവകാശപ്പെടുന്നത്" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 5)

"ദൈവികഗ്രന്ഥമെന്ന് അനുയായികൾ പരിചയപ്പെടുത്തുന്ന കുറെയധികം പുസ്തകങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങളിലേതെങ്കിലുമൊന്ന് സ്വയം ദൈവികമെന്ന് അവകാശവാദം ഉന്നയിക്കുന്നുണ്ടോ... ഖുർആനല്ലാത്ത വേദഗ്രന്ഥങ്ങളിലൊന്നും തന്നെ അവ ദൈവം തമ്പുരാൻ അവതരിപ്പിച്ചതാണെന്ന അവകാശവാദം ഉൾക്കൊള്ളുന്നില്ല" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 9)

### മറുപടി

'കല്ലുവെച്ച നുണ'യേക്കാൾ വലിയ നുണയാണ് ഇപ്പറഞ്ഞത്. ഖുർആൻ സ്വയം ദൈവികഗ്രന്ഥമെന്ന് അവകാശപ്പെടുന്നുണ്ട് എന്നതു ശരി തന്നെ. (ഖുർആൻ 26:191). എന്നാൽ ഖുർആൻ അല്ലാത്ത വേറൊരു ഗ്രന്ഥവും അങ്ങനെ അവകാശപ്പെട്ടിട്ടില്ലാ എന്നതാണ് തെറ്റായ അവകാശവാദം. ഖുർആനിനും 600ൽപ്പരം വർഷങ്ങൾക്കുമുമ്പ് പൂർത്തിയാക്കപ്പെട്ട ബൈബിൾ ദൈവികഗ്രന്ഥമാണെന്നു സ്വയം അവകാശപ്പെടുന്നുണ്ട് എന്ന സത്യത്തെ ഉച്ചൈസ്തരം ഘോഷിക്കാൻ ഞാനാഗ്രഹിക്കുന്നു. തെളിവുകൾ ശ്രദ്ധിക്കുക:

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" ("Thus saith the LORD") എന്നു 413 തവണ ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ഒരു ഉദാഹരണം: യിരമ്യാവ് 22:1. (Jeremiah 22:1)

"യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്" ("for the mouth of the LORD hath spoken") എന്നു ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ഉദാഹരണം: യെശയ്യാവ് 58:14. (Isaiah 58:14)

"തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2പത്രൊസ് 1:20,21)

> “ഞാൻ അറിയിച്ച സുവിശേഷം മാനുഷികമല്ല എന്നു നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല...” (“But I certify you, brethren, that the gospel which was preached of me is not after man. For I neither received it of man, neither was I taught it, ....”) ഗലാത്യർ 1:11,12 (Galatians 1:11,12)

ഖുർആനിനും നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതി പൂർത്തിയാക്കപ്പെട്ട ബൈബിളിൽ, അത് ദൈവികഗ്രന്ഥമാണെന്ന അവകാശവാദങ്ങൾ ഉള്ളപ്പോൾ, അത് അറിയാതെയാണോ ‘ഖുർആനിൽ മാത്രമേ ഇത്തരം അവകാശവാദങ്ങൾ ഉള്ളൂ’ എന്നു ചിലർ വീരവാദം മുഴക്കുന്നത്?

ooo

# അവകാശവാദം 2

2

### അവകാശവാദം രണ്ട്
### അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏക വേദഗ്രന്ഥമാണ് ഖുർആൻ

“അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏകവേദ ഗ്രന്ഥം ഖുർആനാണ്... ഖുർആൻ അതിന്റെ ഒറിജിനൽ രൂപത്തിൽത്തന്നെ ലോകാവസാനം വരെ നിലനിൽക്കും, തീർച്ച” (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 6,7)

“മോശെക്ക് അവതരിപ്പിക്കപ്പെട്ട **തൗറാത്തും** ദാവീദിനു നൽകപ്പെട്ട **സബൂറും** യേശുവിനു അവതരിപ്പിക്കപ്പെട്ട **ഇഞ്ചീലും** ദൈവിക ഗ്രന്ഥങ്ങളാണെന്നും അവയിൽ മാർഗ്ഗദർശനമുണ്ടെന്നുമുള്ള വസ്തുത ഖുർആൻ പലതവണ വ്യക്തമാക്കുന്നുണ്ട്... എന്നാൽ ഈ വേദഗ്രന്ഥങ്ങളൊന്നും തന്നെ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നു നിലനിൽക്കുന്നില്ല... ഖുർആനിന്റെ സ്ഥിതി ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. അത് അവതരിപ്പിക്കപ്പെട്ട രൂപത്തിൽത്തന്നെ ഇന്നും നിലനിൽക്കുന്നു” (*ഖുർആനിന്റെ പ്രാമാണികത*, പേജ് 11)

### മറുപടി

**I** മേൽപ്പറഞ്ഞ അവകാശവാദം ഉന്നയിച്ചവർത്തന്നെ അത് വിശദീകരിച്ചുകൊണ്ട് കുറെക്കൂടി കാര്യങ്ങൾ എഴുതിയിട്ടുണ്ട്. ആ എഴുതിക്കൂട്ടിയിരിക്കുന്ന കാര്യങ്ങളാണെങ്കിൽ, അവരെന്തു പറഞ്ഞുവോ അതിനെ അവർ തന്നെ ഖണ്ഡിക്കുന്ന പോലെയാണുതാനും. അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥം ഖുർആനാണ് എന്നു അവകാശപ്പെടുന്നവർതന്നെ തുടർന്നു പറയുന്നത് ശ്രദ്ധിക്കുക: “തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ മുഹമ്മദിന്റെ കാലത്തുതന്നെ അതു പൂർണമായി എഴുതിവെച്ചിരിക്കുന്നു. രണ്ടു ചട്ടകൾക്കുള്ളിൽ അവ അടുക്കിവെച്ച് ക്രോഡീകരിക്കപ്പെട്ടത് ഒന്നാം ഖലീഫ അബൂബക്കറിന്റെ കാലത്താണ്”. (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 5).

അബൂബക്കർ അങ്ങനെ ഖുർആൻ പുസ്തകരൂപത്തിലാക്കാൻ നിർബന്ധിതനായ സാഹചര്യം എന്താണെന്നുംകൂടി ശ്രദ്ധിക്കാം:

> "അബൂബക്കറിന്റെ കാലത്ത് മതഭ്രഷ്ടരുമായി യമാമയിൽ വെച്ചു നടന്ന യുദ്ധത്തിൽ ഖുർആൻ മനഃപാഠമാക്കിയിരുന്ന കുറേയേറെ മഹത്തുക്കൾ രക്തസാക്ഷികളായി. അപ്പോൾ...അബൂബക്കർ ഖുർആൻ ക്രോഡീകരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കാൻ തീരുമാനിച്ചു. ഖുർആൻ സൂക്ഷ്മമായി ഹൃദിസ്ഥമാക്കിയിരുന്ന സൈദുബ്നു സാബിത്തിനെയാണ് ഈ കൃത്യം അദ്ദേഹം ഏല്പിച്ചത്" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 13)

മാന്യവായനക്കാർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ലെങ്കിലും ഞാൻ ഒന്നു വിശദീകരിക്കയാണ്. തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ **ഖുർആൻ പൂർണ്ണമായി എഴുതിവെക്കപ്പെട്ടിരുന്നുവെങ്കിലും,** ഖുർആൻ മനഃപാഠമാക്കിയ കുറേപ്പേർ കൊല്ലപ്പെട്ടപ്പോൾ, ഖുർആനിന് 'വംശനാശം' സംഭവിക്കുമോ എന്ന ആശങ്കയുണ്ടായതുകൊണ്ട്, അബൂബക്കർ അത് ഗ്രന്ഥരൂപത്തിലാക്കാൻ തീരുമാനിച്ചു. അത് **സൂക്ഷ്മമായി മനഃപാഠമാക്കിയിരുന്ന** സൈദുബ്നു സാബിത്തിനെയാണ് ആ ഉത്തരവാദിത്തം ഏല്പിച്ചത്. അതായത്, കല്ല്, എല്ല് എന്നിവയിന്മേൽ പൂർണ്ണമായി എഴുതിവെയ്ക്കപ്പെട്ടിരുന്ന ഖുർആൻ അന്ന്, അപ്പോൾ, ഇല്ലെന്നർത്ഥം. ഉണ്ടായിരുന്നുവെങ്കിൽ, അവ ശേഖരിച്ചാൽ മതിയായിരുന്നുവല്ലോ. എങ്കിലത് മനഃപാഠമാക്കിയവരുടെ ഓർമ്മശക്തിയേക്കാൾ കൂടുതൽ ആധികാരികമാകുമായിരുന്നുതാനും.

തീർന്നില്ല. ഇനി എന്തു സംഭവിച്ചു എന്നു നോക്കാം:

> "ഇസ്ലാം നാനാദിക്കുകളിലേക്കും പ്രചരിച്ചപ്പോൾ വ്യത്യസ്ഥപ്രദേശങ്ങളിലെ ശൈലീവ്യത്യാസത്തിനനുസരിച്ച് ഖുർആൻ പാരായണത്തിൽ ജനങ്ങൾ **ചില സ്വരഭേദങ്ങൾ** വരുത്തുന്നതായി ശ്രദ്ധിക്കപ്പെട്ടു. **ഇതു പരിഹരിക്കാനായി** മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ നാലു പ്രമുഖന്മാരെ ഖുർആൻ പകർപ്പുകളുണ്ടാക്കാൻ ചുമതലപ്പെടുത്തി...ഈ പ്രതികളിലൊന്ന് താഷ്ക്കന്റിലെ ഉസ്ബക്ക് ചരിത്രമ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. പ്രസ്തുത കോപ്പിയുമായി യാതൊരു വ്യത്യാസവും ഇന്നു ഉപയോഗിക്കപ്പെടുന്ന ഖുർആൻ കോപ്പികളിലൊന്നും കാണുവാൻ സാധ്യമല്ല" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 14)

മനസ്സിലായിക്കാണുമല്ലോ. മൂന്നാം ഖലീഫയുടെ കാലത്ത് ഖുർആൻ ഒന്നുംകൂടി

പരിഷ്കരിച്ചു. ചില പ്രശ്നങ്ങൾ പരിഹരിക്കാനുണ്ടായിരുന്നത് അങ്ങനെ പരിഹരിച്ചു. ഇതാണ് ഇന്നത്തെ ഖുർആൻ. 'ചില സ്വരഭേദങ്ങൾ' എന്ന പ്രസ്താവന തീരെ നിസ്സാരമായി എടുക്കാനാവില്ല. അതെന്തുതന്നെയായാലും, **ഉസ്മാന്റെ കാലത്ത് തയ്യാറാക്കിയ ഖുർആൻ, അബൂബക്കറിന്റെ കാലത്ത് തയ്യാറാക്കിയ ഖുർആനിൽനിന്നും വ്യത്യസ്തമായിരുന്നു എന്നു വ്യക്തം.**

ചുരുക്കത്തിൽ, (1) മുഹമ്മദിന്റെ കാലത്ത് തുകൽ, കല്ല്, എല്ല് എന്നിവയിൽ പൂർണ്ണമായി എഴുതിവെയ്ക്കപ്പെട്ട നിലയിൽ ഖുർആൻ ഉണ്ടായിരുന്നു. (2) അബൂബക്കറിന്റെ കാലത്ത് അത് ഓർമ്മിച്ചെടുത്ത് പുസ്തകരൂപത്തിലാക്കി. (3) ഉസ്മാന്റെ കാലത്ത് അത് പരിഷ്കരിച്ചു. അപ്പോൾ ഇന്നുള്ള ഖുർആൻ ഏതാണ്? മുഹമ്മദിന്റെ കാലത്തുള്ള, കല്ലിലും തുകലിലും മുദ്രണം ചെയ്തതാണോ? അല്ല. അബൂബക്കറിന്റെ കാലത്തേതാണോ? അല്ല. പിന്നെയോ, ഉസ്മാന്റെ കാലത്തേതാണ്. ഇനി പറയൂ: 'അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഖുർആൻ ഇന്നും നിലനിൽക്കുന്നു' എന്ന അവകാശവാദം പൊള്ളയല്ലേ?

**II** ഖുർആൻ അവതരിപ്പിക്കപ്പെട്ട നിലയിൽ ഇന്നും തുടരുന്നു എന്നു തെളിയിക്കാൻ ഖുർആനിലെ ചില വാക്യങ്ങൾ അവർ ഉദ്ധരിക്കുന്നുണ്ട്: "തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ഖുർആൻ 15:9). ഖുർആനിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതുകൊണ്ട്, ഖുർആൻ മാറ്റമില്ലാതെ സർവശക്തൻ സംരക്ഷിക്കുമെന്നാണ് മുസ്ലീം സുഹൃത്തുക്കൾ വാദിക്കുന്നത്. അതായത്, സർവശക്തൻ ഖുർആനിനെ മാറ്റമില്ലാതെ സംരക്ഷിക്കും; കാരണം, സർവശക്തനാണ് അത് അവതരിപ്പിച്ചത്. പക്ഷേ മൂന്നാം ഖലീഫയായിരുന്ന ഉസ്മാന്റെ കാലത്ത്, നിലവിലുണ്ടായിരുന്ന ഖുർആനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് ഒരു 'പുതിയ പതിപ്പ്' തയ്യാറാക്കി എന്ന ചരിത്രവസ്തുത, മേല്പറഞ്ഞ അവരുടെ വാദഗതിയെ പൊളിച്ചടക്കുന്നില്ലേ?

ഇനി, ഒരു വാദത്തിനുവേണ്ടി 'ഖുർആനിനെ സർവശക്തൻ മാറ്റമില്ലാതെ സൂക്ഷിക്കും' എന്ന വാദഗതി സമ്മതിച്ചാൽത്തന്നെ കുരുക്ക് ഒന്നുംകൂടി മുറുകുകയേ ഉള്ളൂ. ഞാൻ വിശദീകരിക്കാം: ബൈബിളുമായി ബന്ധപ്പെട്ട, മോശെയുടെ ന്യായപ്രമാണം (തൗറാത്ത്), ദാവീദിന്റെ സങ്കീർത്തനങ്ങൾ (സബൂർ), യേശുവിന്റെ സുവിശേഷം (ഇഞ്ചീൽ) എന്നിവയെല്ലാം ഇതേ സർവശക്തൻ അവതരിപ്പിച്ചതാണെന്നു ഖുർആൻ പറയുന്നു. വാക്യങ്ങൾ ഉദ്ധരിക്കാം: "തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്" (ഖുർആൻ 5: 44); "ദാവൂദിനു

നാം സബൂർ എന്ന വേദം നൽകുകയും ചെയ്തിരിക്കുന്നു'' (ഖുർആൻ 17: 55); "...ഇഞ്ചീലും നാം അദ്ദേഹത്തിനു (ഈസാക്ക്) നൽകി'' (ഖുർആൻ 5: 46).

അപ്പോൾ, ഖുർആനിന്റെ ഭാഷയിൽപ്പറഞ്ഞാൽ, ഖുർആൻ അവതരിപ്പിച്ച അതേ സർവശക്തൻ തന്നെയാണ് തൗറാത്തും, സബൂറും, ഇഞ്ചീലും അവതരിപ്പി ച്ചിട്ടുള്ളത്. "എന്നാൽ ഈ വേദഗ്രന്ഥങ്ങളൊന്നും തന്നെ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നു നിലനിൽക്കുന്നില്ല'' എന്നു മുസ്ലീങ്ങൾ വാദിക്കുന്നു. (*ഖുർ ആനിന്റെ പ്രാമാണികത*, പേജ് 11). ഇതെങ്ങനെ ശരിയാകും? **ഖുർആനിനെ സർവശക്തൻ സംരക്ഷിക്കും എന്നതിനു കാരണമായി പറയുന്നത്, അത് സർവ ശക്തൻ അവതരിപ്പിച്ചതായതുകൊണ്ടാണ് എന്നാണല്ലോ. എങ്കിൽ അതേ സർവശക്തൻ തന്നെ തൗറാ ത്തും സബൂറും ഇഞ്ചീലും സംരക്ഷിക്കേണ്ടതല്ലേ? കാരണം, അവയും അവതരിപ്പിച്ചത് ആ സർവശക്തൻ തന്നെയല്ലേ?**

**III** ഖുർആൻ 7:157 ൽ നാം ഇങ്ങനെ വായിക്കുന്നു: "**തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും** രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന...'' ഈ വാക്യത്തിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, മുഹമ്മദിന്റെ കാലത്ത് തൗറാത്തും ഇഞ്ചീലും മാറ്റമില്ലാതെ നിലനിന്നിരുന്നുവെന്നാണ്. പിന്നെ എന്നാണ് ഈ വേദഗ്രന്ഥങ്ങൾക്ക് മാറ്റം വന്നത്? കഴിഞ്ഞുപോയ വർഷങ്ങളിൽ നിരവധി ക്രിസ്ത്യാനികൾ പല തവണ ചോദിച്ചിട്ടുള്ളതാണ് ഈ ചോദ്യം. ഇതിനു മറുപടി പറയാൻ ഇന്നു വരെ ഒരാളും വന്നിട്ടില്ല. (ഇനി വരാനും പോകുന്നില്ല).

ബൈബിളിലെ പല കഥാപാത്രങ്ങളും ഖുർആനിൽ ഉണ്ട്. എന്നാൽ ആ കഥാപാത്രങ്ങൾ ബൈബിളിൽ കാണുന്നതിൽനിന്നും വ്യത്യസ്തമായ രീതി യിലാണ് പലപ്പോഴും ഖുർആനിൽ കാണുന്നത്. ഈ വ്യത്യാസത്തിനു കാരണമായി മുസ്ലീങ്ങൾ പറയുന്നത്, 'മുൻപിലത്തെ ബൈബിളല്ല ഇന്നത്തേത്; അത് തിരു ത്തിയെഴുതിയിട്ടുണ്ട്' എന്നാണ്. ഏതായാലും മുഹമ്മദിന്റെ കാലം വരെ ബൈ ബിൾ തിരുത്തപ്പെട്ടിട്ടില്ലാ എന്ന് ഖുർആൻ തന്നെ സാക്ഷിക്കുന്നു. പിന്നെ എന്നു തിരുത്തി? ആരു തിരുത്തി? 'തമ്മിൽ കണ്ടാൽ മിണ്ടാത്ത' യഹൂദനും ക്രിസ്ത്യാനിയും ഒരുമിച്ചിരിക്കാതെ ബൈബിൾ തിരുത്താൻ സാധ്യമല്ല. (പഴയ നിയമം യഹൂദന്റെ തിരുവെഴുത്താണല്ലോ). മാത്രമല്ല, അത്രയും വർഷങ്ങൾ ക്കുള്ളിൽ പ്രചുരപ്രചാരം നേടിയ ബൈബിൾ തിരുത്തുക അത്ര എളുപ്പവുമല്ല. പിന്നെ ആരു തിരുത്തി? എന്നു തിരുത്തി? ഇതിനു ഉത്തരം പറയേണ്ടത്, 'ബൈബിൾ തിരുത്തപ്പെട്ടിട്ടുണ്ട്' എന്നു വലിയ വായിൽ വാദിക്കുന്നവർ തന്നെയാണ്.

ooo

# അവകാശവാദം 3

3

## അവകാശവാദം മൂന്ന്

## വൈരുദ്ധ്യങ്ങൾ ഇല്ല

"സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ വെച്ചാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നിട്ടും അതിൽ വൈരുദ്ധ്യങ്ങളൊന്നും തന്നെയില്ല. ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിനുള്ള മതിയായ തെളിവാണത്" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 6)

"ഖുർആനിലെ പ്രതിപാദ്യവിഷയങ്ങളാകട്ടെ വളരെ വിപുലവും ബൃഹത്തുമാണ്... എന്നിട്ടും അതിൽ യാതൊരുവിധ വൈരുദ്ധ്യങ്ങളും കാണപ്പെടുന്നില്ലെന്നത് ഒരു അത്ഭുതം തന്നെയാണ്. ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിന് വ്യക്തമായ തെളിവ് കൂടിയാണിത്" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 18)

## മറുപടി

### I തെറ്റായ 'തിയറി'

ഏതെങ്കിലുമൊരു പുസ്തകത്തിൽ വൈരുദ്ധ്യങ്ങളൊന്നുമില്ലെങ്കിൽ അത് ദൈവികഗ്രന്ഥമാവുമോ? ഒരു പുസ്തകം ദൈവികഗ്രന്ഥമാണെന്നതിനുള്ള വ്യക്തമായ തെളിവ്, അതിൽ വൈരുദ്ധ്യങ്ങളില്ലാ എന്നതാണെന്നോ! തെറ്റായ ഒരു തിയറി അല്ലേ അത്? ഇനി, അങ്ങനെയാണെങ്കിൽകൂടി, വൈരുദ്ധ്യങ്ങളൊന്നുമില്ലാത്ത ഏകഗ്രന്ഥമാണോ ഖുർആൻ?

"വേദഗ്രന്ഥങ്ങളായി ഇന്ന് വ്യവഹരിച്ചു **പോരുന്നതിലധികവും** വൈരുദ്ധ്യങ്ങളാൽ നിബിഢമാണ്" എന്നു മാത്രമാണ് അവർ അവകാശപ്പെടുന്നത്. (*ഖുർആനിന്റെ പ്രാമാണികത*, പേജ് 17). അതായത്, വേദഗ്രന്ഥങ്ങളായി വ്യവഹരിച്ചുപോരുന്നവയിൽ ഖുർആൻ ഒഴികെ ബാക്കിയെല്ലാ ഗ്രന്ഥങ്ങളും വൈരുദ്ധ്യങ്ങളാൽ നിറഞ്ഞതാണെന്നു അവർ അവകാശപ്പെടുന്നില്ല. അക്കൂട്ടത്തിലെ ഭൂരിഭാഗം ഗ്രന്ഥങ്ങളും വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണെന്നു മാത്രമേ പറയാൻ അവർ

ധൈര്യപ്പെടുന്നുള്ളൂ. എന്നുവെച്ചാൽ, കുറച്ചു പുസ്തകങ്ങൾ വൈരുദ്ധ്യങ്ങൾ ഇല്ലാത്തത് ഉണ്ടെന്നർത്ഥം. ഏതൊക്കെയാണവ? ആ ഗ്രന്ഥങ്ങൾ ദൈവികഗ്രന്ഥ ങ്ങളായി ഇക്കൂട്ടർ പരിഗണിക്കുവാൻ തയ്യാറുണ്ടോ?

## II ഖുർആനും ബൈബിളും

വൈരുദ്ധ്യങ്ങളുണ്ട് എന്നു പറഞ്ഞ് ഇവർ വാളോങ്ങുന്നത് പ്രധാനമായും ബൈബിളിന്റെ നേരെയാണ് എന്നു മനസ്സിലാക്കുക. ബൈബിളിൽ ധാരാളം വൈരുദ്ധ്യങ്ങളുണ്ട് എന്നു പറഞ്ഞ് ബൈബിൾ ദൈവവചനമല്ലെന്നു സ്ഥാപി ക്കാനുള്ള ഇവരുടെ പരിശ്രമം പ്രസിദ്ധമാണല്ലോ. നിരവധി 'വൈരുദ്ധ്യങ്ങൾ' ഇവർ ബൈബിളിൽനിന്നും ചൂണ്ടിക്കാണിക്കാറുമുണ്ട്. അതിലൊന്ന് ഇതാണ്: 2 ശമൂവേൽ 24:1, 1 ദിനവൃത്താന്തം 21: 1 എന്നീ വേദഭാഗങ്ങളിൽ പരസ്പരവിരുദ്ധമായ പ്രസ്താ വനകളാണുള്ളത്. ആദ്യം പറഞ്ഞ ഭാഗത്ത് യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ തോന്നിപ്പിച്ചത് യഹോവയാണെന്നും, എന്നാൽ രണ്ടാമത് പറഞ്ഞിടത്ത് അങ്ങനെ തോന്നിപ്പിച്ചത് സാത്താനാണെന്നും പറഞ്ഞിരിക്കുന്നു. ഇത് വൈരുദ്ധ്യമല്ലേ എന്നാണ് വാദം.

ആദ്യവായനയിൽ ഇതു വൈരുദ്ധ്യമായി തോന്നാമെങ്കിലും അന്വേഷണ ത്വരയോടുകൂടി ഒരു താരതമ്യപഠനത്തിനു തുനിഞ്ഞാൽ കാര്യം വ്യക്തമാകും. എന്നാൽ ഈ ലേഖനപരമ്പരയിൽ അത്തരം വൈരുദ്ധ്യങ്ങൾക്ക് മറുപടി പറയുക എന്നത് എന്റെ ലക്ഷ്യമല്ലാകയാൽ, ഇതു സംബന്ധിച്ചു മറ്റു ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുയാണ്. ഖുർആൻ എന്നത് ഒറ്റയൊരു പുസ്തകമാണ്. എന്നാൽ ബൈബിൾ 66 പുസ്തകങ്ങൾ കൂടിച്ചേർന്നതാണ്. ഖുർആൻ ഒറ്റയൊരു വ്യക്തി എഴുതിയതോ എഴുതിച്ചതോ ആണ്. എന്നാൽ ബൈബിൾ അങ്ങനെയല്ല; 40തിൽ അധികം എഴുത്തുകാർ ഏകദേശം 1500 കൊല്ലത്തെ കാലദൈർഘ്യം കൊണ്ടാണ് അത് പൂർത്തിയാക്കിയത്. ഖുർആൻ ആണെങ്കിൽ വെറും 23 വർഷം കൊണ്ട് പൂർ ത്തിയാക്കപ്പെട്ടതാണ്.

ഞാൻ ആവർത്തിക്കയാണ്. ഖുർആൻ ഒറ്റയൊരു പുസ്തകമാണ്. എന്നാൽ ബൈബിൾ 66 പുസ്തകങ്ങളുടെ സമാഹാരമാണ്. ഒറ്റപ്പുസ്തകമായ ഖുർആനിൽ വൈരുദ്ധ്യങ്ങളില്ലെന്നു പറയുന്നവർ, ബൈബിളിലെ 66 പുസ്തകങ്ങൾ ചേർത്തു വെച്ചാണ് അതിൽ വൈരുദ്ധ്യങ്ങളുണ്ടെന്നു വാദിക്കുന്നത്. നേരത്തേ പറഞ്ഞ 'ശമൂവേലിന്റെ പുസ്തക'വും 'ദിനവൃത്താന്ത'വും വെവ്വേറെ പുസ്തകങ്ങളായി പരിഗണിച്ചുനോക്കൂ. എന്തു വൈരുദ്ധ്യമാണ് 'ശമൂവേലിന്റെ പുസ്തക'ത്തിൽ കാണുവാൻ കഴിയുന്നത്? എന്തു വൈരുദ്ധ്യമാണ് 'ദിനവൃത്താന്ത'ത്തിൽ കാണു

വാൻ കഴിയുന്നത്? 'ശമൂവേലിന്റെ പുസ്തക'ത്തിൽ വൈരുദ്ധ്യങ്ങളില്ലാത്തതു കൊണ്ട് ഇവരുടെ തിയറിപ്രകാരം ആ പുസ്തകം ദൈവികഗ്രന്ഥമല്ലേ? അതുപോലെ 'ദിനവൃത്താന്ത' പുസ്തകത്തിലും വൈരുദ്ധ്യങ്ങൾ കാണാത്തതുകൊണ്ട് അതും ദൈവികഗ്രന്ഥമല്ലേ?

രണ്ടും ചേർത്തുവയ്ക്കുമ്പോഴാണ് വൈരുദ്ധ്യങ്ങൾ ഉള്ളതായി തോന്നുന്നത്. ഖുർആൻ എന്ന ഒറ്റ പുസ്തകത്തിന്റെ കാര്യം മാത്രം അവർ പറയുന്നതുകൊണ്ട്, ബൈബിളിലെ ഓരോ പുസ്തകങ്ങൾ മാത്രമായി അവർ പരിശോധിക്കട്ടെ. അതിൽ വൈരുദ്ധ്യങ്ങളുണ്ടോ എന്നു ചികയട്ടെ. എന്നിട്ട് അവ ഒരോന്നായി ദൈവിക ഗ്രന്ഥമായി പരിഗണിക്കട്ടെ. അവ ചേർത്തു വയ്ക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പിന്നീട് പരിഹരിച്ചാൽ മതിയല്ലോ.

### III തിരുത്തൽ വരുത്തിയ പുതിയ പതിപ്പ്

മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ, അതുവരെ കാണപ്പെട്ട സകല പ്രശ്നങ്ങളും തീർത്ത് ഖുർആനിന്റെ ഒരു പുതിയ പതിപ്പ് ഉണ്ടാക്കിയ കാര്യം കഴിഞ്ഞ അദ്ധ്യായത്തിൽ വിശദീകരിച്ചത് ഓർക്കുമല്ലോ. ഇതു സംബന്ധിച്ച ഒരു വിവരണം താഴെക്കൊടുക്കുന്നതു ശ്രദ്ധിക്കുക:

> "എല്ലാ മുസ്ലീം സംസ്ഥാനങ്ങളിലേക്കും അതിന്റെ ഓരോ കോപ്പി വീതം ഉസ്മാൻ അയച്ചുകൊടുത്തു. **പിന്നീട്, നിലവിലുള്ള ഖുർആന്റെ മറ്റെല്ലാ കയ്യെഴുത്തുപ്രതികളും കത്തിച്ചു കളയുവാനും അദ്ദേഹം കല്പന കൊടുത്തു**" (Sahih Bukkari, Vol.6, p.479, quoted from *The Islam Debate* published in Malayalam by Markaz Ul Bisharah, Manjeri, p.69)

കാര്യം പിടികിട്ടിയില്ലേ? തീർക്കാവുന്നിടത്തോളം പ്രശ്നങ്ങൾ തീർത്തിട്ട് ഖുർആന്റെ ഒരു പുതിയ പതിപ്പ് തയ്യാറാക്കി. ബാക്കിയുള്ളവയെല്ലാം കത്തിച്ചു കളഞ്ഞു. ഈ സംഭവിച്ചതൊന്നും ആർക്കുമറിയില്ലാ എന്നാണോ ഇവരുടെ വിചാരം? ഇതുപോലെ ബൈബിളിന്റെ കാര്യത്തിൽ ചെയ്യാൻ ക്രിസ്ത്യാനികൾ മിനക്കെട്ടിട്ടില്ല എന്നു അഭിമാനത്തോടെ പ്രസ്താവിച്ചുകൊള്ളട്ടെ.

### IV എന്നിട്ടും വൈരുദ്ധ്യങ്ങൾ മാറിയില്ല!!

എല്ലാം എത്ര ഭംഗിയായി പ്ലാൻ ചെയ്തു നടപ്പാക്കിയാലും പടച്ച തമ്പുരാൻ വിചാരിച്ചാൽ പഴുതുകൾ പിന്നെയും ബാക്കി വരും. ഖുർആനിലും വൈരുദ്ധ്യങ്ങൾ ഉണ്ട്. അവയിൽ രണ്ടെണ്ണം താഴെ കൊടുക്കുന്നു:

(1) “അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല” (ഖുർആൻ 10: 64). ഈ വാക്യത്തിൽ കാണുന്നപ്രകാരം ചിന്തിച്ചാൽ, അല്ലാഹു അവതരിപ്പിച്ച വചനത്തിന് യാതൊരു കാരണവശാലും മാറ്റം വരാൻ പാടില്ല. എന്നാൽ, “ഒരു വേദവാക്യത്തിന്റെ സ്ഥാനത്ത് മറ്റൊരു വേദവാക്യം നാം (അല്ലാഹൂ) പകരം വെച്ചാൽ...” എന്നു ഖുർആൻ 16:101 ൽ കാണുന്നു. ഇതു തന്നെ 2:106 ലും കാണുന്നു. ആദ്യം പറഞ്ഞ കാര്യത്തിനു വിപരീതമല്ലേ ഇവ?

(2) വ്യഭിചാരികൾക്കുള്ള ശിക്ഷ വീട്ടുതടങ്കൽ ആണെന്നു ഖുർആൻ പറയുന്നു. “അവരെ നിങ്ങൾ വീടുകളിൽ തടഞ്ഞുവെച്ചുകൊണ്ടിരിക്കുക” എന്നാണ് 4:15 ൽ കാണുന്നത്. പക്ഷേ, 24:2 ൽ “ഓരോരുത്തരേയും നിങ്ങൾ നൂറ് അടി അടിയ്ക്കുക” എന്നാണ്. ഏതാണ് ശരി?

ഈ വൈരുദ്ധ്യങ്ങൾക്ക് മറുപടി പറയാൻ മുസ്ലീം സുഹൃത്തുക്കൾക്ക് കഴിഞ്ഞേക്കാം. പക്ഷേ, വിശദീകരണമോ വ്യാഖ്യാനമോ വേണ്ടിവരുമെന്നു മാത്രം. ഇതുപോലെ വിശദീകരണവും വ്യാഖ്യാനവും കൊണ്ട് ഞങ്ങൾ ക്രിസ്ത്യാനികൾക്കും ബൈബിളിലുള്ളതായി പറയപ്പെടുന്ന വൈരുദ്ധ്യങ്ങൾക്ക് മറുപടി പറയാൻ കഴിയുമെന്നു തിരിച്ചറിയുക.

ooo

# അവകാശവാദം 4

4

**അവകാശവാദം നാല്**

**ഖുർആനിനു തുല്യമായ ഒരു രചന കൊണ്ടുവരാൻ ഖുർആൻ വെല്ലുവിളിച്ചിരിക്കുന്നു.**

"അത് മാനവരാശിയോട് അത്യുജ്ജലമായ ഒരു വെല്ലുവിളി നടത്തുന്നു. അതിനു സമാന്തരമായ ഒരു രചന നിർവഹിക്കുവാനാണ് പ്രസ്തുത വെല്ലുവിളി... മുഴുവൻ മാനവസമൂഹത്തോടായി ഖുർആൻ വെല്ലുവിളിച്ചു: 'നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ **അതിന്റേതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക... നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല**' (2:23,24)... ഖുർആനിലെ ഏറ്റവും ചെറിയ അധ്യായത്തിനു തുല്യമായ ഒരു രചന പോലും കൊണ്ടുവരാൻ കഴിയില്ലെന്നാണ് വെല്ലുവിളി" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 30,31)

"ഖുർആനിലെ ചെറിയൊരു അധ്യായത്തിന് തുല്യമായ ഒരു അധ്യായം കൊണ്ടുവന്ന് അതിന്റെ വെല്ലുവിളിക്ക് മറുപടി നൽകാൻ അന്നത്തെ സാഹിത്യത്തമ്പുരാക്കന്മാർക്കൊന്നും കഴിഞ്ഞിട്ടില്ല. **ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു**.... ത്രികാലജ്ഞാനിയായ തമ്പുരാന് മാത്രമേ ഖുർആനിനു തുല്യമായ ഒരു രചന അവതരിപ്പിക്കുവാൻ കഴിയൂവെന്നു നാം മനസ്സിലാക്കുന്നു" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 16,17)

**മറുപടി**

**I മുൻ വേദങ്ങൾ**

ലോകത്ത് ഒരാൾക്കും ഖുർആനിനു തുല്യമായ ഒരു രചന കാണിക്കാനൊക്കില്ലെന്നും, അതുപോലെ ഒരു അധ്യായം എഴുതി തയ്യാറാക്കാൻ കഴിയില്ലെന്നുമുള്ള ഈ അവകാശവാദം—ഇത്രയും വലിയ പമ്പരവിഡ്ഢിത്തം—കേൾക്കുമ്പോൾ, സുബോധമുള്ള, നിഷ്പക്ഷമായി കാര്യങ്ങൾ മനസ്സിലാക്കുന്ന, ഏതൊരാളും തീർച്ചയായും മൂക്കത്തു വിരൽ വെച്ചുപോകും! "ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു" എന്നു എഴുതിയത് കണ്ടപ്പോൾ, സഹതാപമാണ് തോന്നിയത്. കാരണം, ആ വെല്ലുവിളി ആരും ഗൗനിച്ചില്ലല്ലോ, ആ വെല്ലുവിളിക്ക് ഒരു പുല്ലുവില പോലും ആരും കൊടുത്തില്ലല്ലോ എന്നു ചിന്തിച്ചുപോയി.

മുൻവേദങ്ങളുടെ കാര്യം മറന്നുകൊണ്ടാണോ ഖുർആനിന്റെ ഈ വെല്ലുവിളി? മുൻവേദങ്ങളെക്കുറിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: “(നബിയേ,) നൂഹിനും (അതായത് നോഹ) അദ്ദേഹത്തിനു ശേഷമുള്ള **പ്രവാചകന്മാർക്കും നാം സന്ദേശം നൽകിയതുപോലെത്തന്നെ** നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്രാഹിം (അബ്രാഹാം), ഇസ്ഹാഖ്, യഅഖൂബ് (യാക്കോബ്), ...ഈസാ (യേശു)...സുലൈമാൻ (സോളമൻ) എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു” (ഖുർആൻ 4:163). മുമ്പ് പലർക്കും സന്ദേശം കൊടുത്തതുപോലെ മുഹമ്മദിനും സന്ദേശം കൊടുക്കുന്നു എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്. “മൂസായോട് (മോശെയോട്) അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു” എന്നു 4: 164ലും കാണുന്നു.

അതായത്, ഖുർആൻ എന്നത് ‘ആദ്യത്തെ ഒരു സംഭവം’ ഒന്നുമല്ല. അതിനുമുമ്പ് ഇതേ അല്ലാഹു വേറെ പലർക്കും സന്ദേശം കൊടുത്തിട്ടുണ്ട്. ഖുർആൻ എന്നത്, “അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും, അവയെ കാത്തു രക്ഷിക്കുന്നതുമത്രെ” എന്നാണ് 5:48ൽ എഴുതിവെച്ചിരിക്കുന്നത്. അപ്പോൾ **ഖുർആനെക്കുറിച്ച് ഖുർആൻതന്നെ വെളിപ്പെടുത്തുന്നത്, അല്ലാഹു അവതരിപ്പിച്ച ഒരു സെറ്റ് സന്ദേശങ്ങളിൽ ഒന്നുമാത്രമെന്നാണ്. എന്നിട്ടും അല്ലാഹു അവതരിപ്പിച്ചു എന്നു പറയുന്ന മറ്റു വേദഗ്രന്ഥങ്ങളിലൊന്നും ഇങ്ങനെയൊരു വീരവാദം അഥവാ വെല്ലുവിളി കാണുന്നില്ല. ഖുർആനിൽ മാത്രം കാണുന്ന ഈ വീരവാദം അതുകൊണ്ടു തന്നെ ആത്മാർത്ഥതയുള്ളതുമല്ല.**

ഖുർആനിന്റേതിനു തുല്യമായ ഒരു രചന കാണിക്കാനൊക്കില്ലെന്നു പറയുമ്പോൾ, അതിലൂടെ ഖുർആൻ നിന്ദിക്കുന്നത് മുൻവേദങ്ങളെയാണ്; മുൻവേദങ്ങൾ അവതരിപ്പിച്ചു എന്നു പറയുന്ന അല്ലാഹുവിനെത്തന്നെയാണ്. ഇങ്ങനെയൊരു ഗുരുതരമായ പ്രശ്നം ഖുർആനിനു ഉള്ളതുകൊണ്ട്, ഖുർആൻ ഒരിക്കലും അല്ലാഹുവിൽ നിന്നാകാൻ തരമില്ല. ആയിരുന്നുവെങ്കിൽ, അല്ലാഹു മുമ്പെ അവതരിപ്പിച്ച വേദങ്ങളെ അല്ലാഹു തന്നെ നിന്ദിച്ചു പറയില്ലല്ലോ.

ഇനി, മുൻവേദങ്ങളൊക്കെ തിരുത്തിയെഴുതിയിട്ടുണ്ട് എന്നാണ് വാദിക്കുന്നതെങ്കിൽ, അവ മൊത്തമായി തിരുത്തിയെന്നു ആരും പറയുമെന്നു തോന്നുന്നില്ല. അവയിൽ ചില ഭാഗങ്ങൾ തിരുത്തി എന്നു മാത്രമേ, അഥവാ മാനുഷികമായ കൈകടത്തലുകൾ അവയിൽ ഉണ്ട് എന്നു മാത്രമേ മുസ്ലീങ്ങൾ വാദിച്ചു കേട്ടിട്ടുള്ളൂ. അപ്പോൾ തിരുത്താത്ത ഭാഗങ്ങൾ അവയിൽ ഉണ്ടെന്നു വരുന്നു. ഈ തിരുത്തൽ വരുത്താത്ത ഭാഗങ്ങൾ ഖുർആനിന്റെ രചനക്കു തുല്യം വരുന്നില്ലേ? പക്ഷേ,

അങ്ങനെ വരുന്നില്ലെന്നാണ് ഖുർആൻ പറയുന്നത്. മുൻവേദങ്ങളെ ഈ രീതിയിൽ തുച്ഛീകരിക്കുന്ന ഖുർആനിനെ നാം എങ്ങനെ വിശ്വസിക്കും?

“നിങ്ങളിൽ ഒരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗ്ഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു” എന്നും ഖുർആൻ 5:48ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നത് എന്താണ്? വെവ്വേറെ സമുദായങ്ങളായി മനുഷ്യവർഗ്ഗം നിലനിന്നാൽ മതി എന്നു അല്ലാഹു ആഗ്രഹിക്കുന്നു എന്നും ഒരോ വിഭാഗത്തിനും വെവ്വേറെ വേദഗ്രന്ഥങ്ങൾ കൊടുത്തു എന്നുമല്ലേ? **യെഹൂദന് തൗറാത്ത്, ക്രിസ്ത്യാനിക്ക് ഇഞ്ചീൽ, മുസ്ലീമിന് ഖുർആൻ... ഇതാണ് ഖുർആനിൽ നാം കാണുന്നത്. എല്ലാം അവതരിപ്പിച്ചത് അല്ലാഹുവായിരിക്കെ, മുഹമ്മദിനു കൊടുത്തു എന്നു മുഹമ്മദ് അവകാശപ്പെടുന്ന ഖുർആനിൽ മാത്രം ഇങ്ങനെയൊരു വെല്ലുവിളി കടന്നുകൂടിയത് വളരെ മോശമായിപ്പോയി എന്നേ നമുക്കു ചിന്തിക്കാനൊക്കൂ.**

മറ്റു വേദഗ്രന്ഥങ്ങൾ ‘ഗ്രേഡ്’ കുറഞ്ഞ രീതിയിൽ അവതരിപ്പിച്ച അല്ലാഹു ഖുർആൻ മാത്രം ‘ഗ്രേഡ്’ കൂടിയ നിലയിൽ അവതരിപ്പിച്ചു എന്നു വാദിച്ചാലും രക്ഷയില്ല. മറ്റുള്ളവ കുറഞ്ഞ നിലയിലും ഖുർആൻ കൂടിയ നിലയിലും അവതരിപ്പിച്ചതിനു ഒരു ന്യായീകരണം നാം എവിടെയും കാണുന്നില്ല. ഓരോ സമുദായത്തിനു വെവ്വേറെ വേദഗ്രന്ഥങ്ങൾ കൊടുത്ത അല്ലാഹു ഇരട്ടത്താപ്പു കാണിച്ചു എന്നു വരില്ലല്ലോ. ഒരു സാഹിത്യകാരൻ എഴുതുന്ന എല്ലാ രചനകൾക്കും ഒരേ നിലവാരമാകണമെന്നില്ല. നിലവാരം കൂടിയും കുറഞ്ഞും ഇരിക്കാം. കാരണം അയാൾ വെറുമൊരു മനുഷ്യനാണ്. എന്നാൽ അല്ലാഹു അങ്ങനെയല്ലല്ലോ.

### II വെല്ലുവിളി ആർക്കും നടത്താം

ആർക്കാണ് വെല്ലുവിളി നടത്താൻ കഴിയാത്തത്? വില്യം ഷേക്സ്പിയറിനു, ‘ഞാൻ എഴുതുന്നപോലെ ഒരു രചന ആർക്കെങ്കിലും നടത്താമോ’ എന്നു വെല്ലുവിളിക്കാമായിരുന്നു. പക്ഷേ അദ്ദേഹം അങ്ങനെ ചെയ്തില്ല. എന്തിനേറെപ്പറയണം! ഈ എനിക്ക്, ‘റിയൽ ലൈഫ് പോലെ ഒരു മാസിക വേറെ കാണിച്ചുതരാമോ’ എന്നു വെല്ലുവിളിച്ചുകൂടെ? അഹങ്കാരവും അജ്ഞതയുമുള്ള ഏതു വിഡ്ഢിക്കും വളരെ ‘ഈസി’യായി ചെയ്യാവുന്ന കാര്യമാണ് ഈ വെല്ലുവിളി.

### III ഒന്നല്ല, ഒരായിരം രചനകൾ കാണിക്കാം

ഖുർആൻ ആദ്യമേ ഒന്നു വായിച്ചുനോക്കുന്നത് നല്ലതാണ്. അതിന്റെ നിലവാരം

മനസ്സിലാക്കാൻ അപ്പോൾ ബുദ്ധിമുട്ടുണ്ടാവില്ല. ഒട്ടും വളച്ചുകെട്ടില്ലാതെ, വായനക്കാർക്ക് പെട്ടെന്നു മനസ്സിലാകാനായി ഒരു വാക്യം ചൂണ്ടിക്കാണിക്കാം. ഖുർആൻ വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗത്തിലെന്താണുള്ളത്? “തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും, നിറഞ്ഞ പാനപാത്രങ്ങളും” എന്നാണ് ഖുർആൻ 78:33-34 ൽ കാണുന്നത്. “അത് നിന്റെ രക്ഷിതാവിൽ നിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത ഒരു സമ്മാനവുമാകുന്നു” എന്ന് തുടർന്നു പറയുന്നു (78:36). ഖുർആൻ അനുസരിച്ചു ജീവിക്കുന്നവർക്കുള്ള സമ്മാനം കണ്ടില്ലേ! (ഇതു പുരുഷന്മാർക്കുള്ളതാണ്. സ്ത്രീകൾക്കുള്ള ‘സമ്മാനം’ രേഖപ്പെടുത്താഞ്ഞത് ഭാഗ്യം!)

ഇതുപോലെയുള്ള വാചകങ്ങൾ ബൈബിളിലുമുണ്ട് എന്നാണ് മുസ്ലീം സുഹൃത്തുക്കൾ വാദിക്കാൻ വരുന്നതെങ്കിൽ കാര്യങ്ങൾ വളരെ എളുപ്പമായി. ബൈബിളിലും ഇത്തരം വാചകങ്ങൾ ഉണ്ടെങ്കിൽ, ഖുർആനിന്റെ വെല്ലുവിളി വെറുതെയായി എന്നു വരില്ലേ?

ഖുർആനിന്റെ രചനക്കു തുല്യമായി ഒന്നല്ല, ഒരായിരം രചനകൾ ഉണ്ട്. വിശ്വ സാഹിത്യത്തിലെ ധാരാളം രചനകൾ, ബൈബിൾ, ഭഗവത്ഗീത എന്നു തുടങ്ങി നിരവധി പുസ്തകങ്ങളെ കവച്ചുവയ്ക്കാൻ മാത്രം ഖുർആനിൽ പ്രത്യേകിച്ച് യാതൊരു അത്ഭുതവും ഉള്ളടക്കം ചെയ്തിട്ടില്ല എന്നു ശക്തമായി ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

### IV ഖുർആനിലെ ഒരു ചെറിയ അദ്ധ്യായം

“അതിന്റേതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക... നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല” എന്നാണല്ലോ വെല്ലുവിളി. സൗകര്യത്തിനുവേണ്ടി, ഖുർആനിലെ ഒരു ചെറിയ അദ്ധ്യായം താഴെ കൊടുക്കുന്നു. വെറും മൂന്ന് വാക്യങ്ങൾ മാത്രമുള്ള 108-ാം അദ്ധ്യായമാണത്:

> “തീർച്ചയായും നിനക്ക് നാം ധാരാളമായ നേട്ടം നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)” (ഖുർആൻ 108-ാം അദ്ധ്യായം)

ഒരു അദ്ധ്യായം മുഴുവനുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ മൂന്നു വാക്യങ്ങളിൽ ലോകത്തൊരിടത്തും കാണാത്തതോ വായിക്കാത്തതോ ആയ

എന്തു പുതുമയാണ്/പ്രത്യേകതയാണ് ഉള്ളത്? ഇതുപോലെ ഒരു അദ്ധ്യായം എഴുതാൻ ആർക്കും കഴിയില്ലെന്നോ!! **ഈ മൂന്നു വാക്യങ്ങളിൽ കാണുന്ന ആശയങ്ങൾ, ഖുർആനിനും 600ൽപ്പരം വർഷങ്ങൾക്കുമുമ്പ് ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ് എന്നതാണ് വാസ്തവം.**

"നിങ്ങൾ പ്രയത്നം ചെയ്യാത്ത ദേശവും നിങ്ങൾ പണിയാത്ത പട്ടണങ്ങളും ഞാൻ നിങ്ങൾക്കു തന്നു...ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സേവിപ്പിൻ" എന്നു യോശുവ 24:13,14 ൽ ഉണ്ട്. മാത്രമല്ല, "ഈ ശാപങ്ങളെ ഒക്കെയും നിന്റെ ദൈവമായ യഹോവ നിന്റെ ശത്രുക്കളുടെ മേൽ....വരുത്തും" എന്ന് ആവർത്തനപുസ്തകം 30:7ലും ഉണ്ട്. ഇതേ ആശയം തന്നെയാണ് ഖുർആൻ 108-ാം അദ്ധ്യായത്തിലുള്ളത്. പ്രത്യേകിച്ചൊരു പുതുമയും അവകാശപ്പെടാനില്ല. കാരണം ഇതേ ആശയങ്ങൾ ബൈബിൾ മുന്നമേ രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതാണ്.

ooo